## കേരള സർവകലാശാല

നം. പി.ആർ.119/2017 ഫോൺ : 2305738

### പത്രക്കുറിപ്പ്

### കാര്യവട്ടം യൂണിവേഴ്സിറ്റി എഞ്ചിനിയറിംഗ് കോളേജിൽ ബി.ടെക് എൻ.ആർ.ഐ ക്വാട്ടയിലേക്ക് അപേക്ഷിക്കാം

കേരള സർവകലാശാല കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനിയറിംഗ് ഒന്നാം വർഷ ബി.ടെക് (2017-18) കമ്പ്യൂട്ടർ സയൻസ്, ഇൻഫർമേഷൻ ടെക്നോളജി, ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻസ് എന്നീ ബ്രാഞ്ചുകളിൽ എൻ.ആർ.ഐ ക്വാട്ടയിൽ അനുവദിക്കപ്പെട്ടിട്ടുള്ള സീറ്റുകളിലേക്ക് അപേക്ഷിക്കാം. അവസാന തീയതി ജൂൺ അഞ്ച്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.ucek.in) ലഭിക്കും. ഫോൺ: 0471-2308874.

### ടെക്നിക്കൽ ഓഫീസർ , സിസ്റ്റം മാനേജർ ഒഴിവ്

കേരള സർവകലാശാല ഡി.എസ്.ടി പഴ്സ് പ്രോഗ്രാമിന് കീഴിൽ ടെക്നിക്കൽ ഓഫീസർ (രണ്ട് ഒഴിവ്), സിസ്റ്റം മാനേജർ (ഒരു ഒഴിവ്) ഒഴിവുകളിലേക്ക് താൽക്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. അവസാന തീയതി ജൂൺ അഞ്ച്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) Job Notifications എന്ന ലിങ്കിൽ ലഭിക്കും.

### സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കമ്മ്യൂണിക്കേറ്റിവ് അറബിക്

കേരള സർവകലാശാല അറബിക് പഠനവകുപ്പ് നടത്തുന്ന ആറ് മാസ സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കമ്മ്യൂണിക്കേറ്റിവ് അറബിക് (2017-18, പാർട്ട് ടൈം - ഈവനിംഗ്) കോഴ്സിന്റെ ഉദ്ഘാടനം ജൂൺ ഒന്നിന് രാവിലെ 11 മണിക്ക് കാര്യവട്ടം കാമ്പസിലെ അറബി വകുപ്പിൽ നടക്കും. രജിസ്റ്റർ ചെയ്തിട്ടുള്ള മുഴുവൻ വിദ്യാർത്ഥികളും കൃത്യസമയത്ത് ഹാജരാകണം.

### KMAT KERALA പരീക്ഷ തീയതി മാറ്റി

സർവകലാശാലകളുടേയും എം.ബി.എ കോളേജുകളുടേയും അപേക്ഷാർത്ഥികളുടേയും അഭ്യർത്ഥന മാനിച്ചും സർവകലാശാലകൾ ഡിഗ്രി പരീക്ഷ ഫലം പുറപ്പെടുവിക്കുന്നതിൽ വരുന്ന കാലതാമസവും കണക്കിലെടുത്ത് ജൂൺ 11-ലെ KMAT KERALA പരീക്ഷ ജൂലൈ രണ്ടിലേക്ക് (രാവിലെ 10 മണി മുതൽ 12.30വരെ) മാറ്റി. അപേക്ഷാർത്ഥികൾ കൂടുതൽ ഉള്ള ജില്ലകളിൽ പരീക്ഷ കേന്ദ്രങ്ങൾ അധികം നൽകും. അപേക്ഷിക്കേണ്ട അവസാന തീയതി ജൂൺ 20 വൈകിട്ട് അഞ്ച് മണി വരെയാണ്. വിശദവിവരങ്ങൾക്ക് kmatkerala.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 0471-2335133, 8547255133.

### എം.എസ്സി ക്ലിനിക്കൽ ന്യൂട്രിഷൻ ആന്റ് ഡയറ്റെറ്റിക്ക്സ് പരീക്ഷ

കേരള സർവ്വകലാശാല വിദൂര വിദ്യാഭ്യാസ പഠന കേന്ദ്രം ജൂലൈ 10-ാം തീയതി മുതൽ നടത്തുന്ന രണ്ടാം വർഷ എം.എസ്സി ക്ലിനിക്കൽ ന്യൂട്രിഷൻ ആന്റ് ഡയറ്റെറ്റിക്ക്സ് (എം.എസ്സി സി.എൻ.ഡി)(റഗുലർ ആന്റ് സപ്ലിമെന്ററി) പരീക്ഷയ്ക്ക് പിഴകൂടാതെ ജൂൺ ഒൻപത് (50 രൂപ പിഴയോടെ ജൂൺ 13, 125

രൂപ പിഴയോടെ ജൂൺ 15) വരെ ഫീസടച്ച് അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## പി.ജി ഡിപ്ലോമ ഇൻ യോഗ തെറാപ്പി (ഈവനിംഗ്) – സീറ്റൊഴിവുണ്ട്

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന പി.ജി ഡിപ്ലോമ ഇൻ യോഗ തെറാപ്പി (ഈവനിംഗ് ബാച്ച്) കോഴ്സിന് സീറ്റൊഴിവുണ്ട്. കേരള സർവകലാശാല അംഗീകരിച്ച ബിരുദമാണ് അടിസ്ഥാന യോഗ്യത. കോഴ്സ് കാലാവധി ഒരു വർഷം. ക്ലാസ്സുകൾ തിങ്കൾ മുതൽ ശനി വരെ വൈകുന്നേരം അഞ്ച് മണി മുതൽ ഏഴ് മണി വരെ. കോഴ്സ് ഫീസ് 19500/- രൂപ അപേക്ഷ ഫീസ് 100 രൂപ. താൽപര്യമുള്ളവർ തിരുവനന്തപുരം പി.എം.ജി ജംഗ്ഷനിലെ സി.എ.സി.ഇ.ഇ വകുപ്പുമായി ബന്ധപ്പെടുക. അവസാനതീയതി ജൂൺ ഏഴ്. വിശദ വിവരങ്ങൾക്ക് ഫോൺ: 0471-2302523.

## ലൈബ്രറി സയൻസ് കോഴ്സ് – പ്രവേശനം

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം (സി.എ.സി.ഇ.ഇ) നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സിന് അപേക്ഷ ക്ഷണിക്കുന്നു. യോഗ്യത പ്ലസ് ടു/ പ്രീഡിഗ്രി ജയം. കോഴ്സ് ഫീസ് 7500/- രൂപ. കോഴ്സ് കാലാവധി ആറ് മാസം. അപേക്ഷ ഫീസ് 100 രൂപ. ക്ലാസ്സുകൾ ശനി ഞായർ ദിവസങ്ങളിൽ മാത്രം. വിശദവിവരങ്ങൾക്ക് പി.എം.ജി ജംഗ്ഷനിലെ സി.എ.സി.ഇ.ഇ വകുപ്പുമായി ബന്ധപ്പെടുക. അവസാനതീയതി ജൂൺ 15. ഫോൺ: 0471-2302523.

## അഡ്വാൻസ്ഡ് ഫംഗ്ഷണൽ ഇംഗ്ലീഷ് ആന്റ് പബ്ലിക് സ്പീക്കിങ് കോഴ്സിന് സീറ്റൊഴിവുണ്ട്

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ അഡ്വാൻസ്ഡ് ഫംഗ്ഷണൽ ഇംഗ്ലീഷ് ആന്റ് പബ്ലിക് സ്പീക്കിങ് കോഴ്സിന് സീറ്റൊഴിവുണ്ട്. യോഗ്യത പ്ലസ് ടു/ പ്രീഡിഗ്രി ജയം.അവസാനതീയതി ജൂൺ ഏഴ്. കോഴ്സ് കാലാവധി ആറ് മാസം. കോഴ്സ് ഫീസ് 6000/-. അപേക്ഷ ഫീസ് 100 രൂപ. വിശദവിവരങ്ങൾക്ക് പി.എം.ജി ജംഗ്ഷനിലെ സി.എ.സി.ഇ.ഇ വകുപ്പുമായി ബന്ധപ്പെടുക. ഫോൺ: 0471-2302523.

## ബി.സി.എ ഫലം

**കേരള സർവകലാശാല** 2016 ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ സി.ബി.സി.എസ് കരിയർ റിലേറ്റഡ് ബി.സി.എ (റഗുലർ – 2015 സ്കീം, ഇംപ്രൂവ്മെന്റ്/ സപ്ലിമെന്ററി 2014 & 2013 സ്കീം) ഡിഗ്രി പരീക്ഷയുടെ **ഫലം** (www.keralauniversity.ac.in) **വെബ്സൈറ്റിൽ ലഭിക്കും.**

## ബി.ടെക് ടൈംടേബിൾ

കേരള സർവകലാശാല ജൂണിൽ നടത്തുന്ന ആറാം സെമസ്റ്റർ ബി.ടെക് 2013 സ്കീം (റഗുലർ) പരീക്ഷയുടെ ടൈംടേബിൾ (www.keralauniversity.ac.in) വെബ്സൈറ്റിൽ ലഭിക്കും.

## ബി.എസ്‌സി നഴ്സിംഗ് പരീക്ഷ

കേരള സർവ്വകലാശാല ജൂലൈ 25-ാം തീയതി മുതൽ നടത്തുന്ന രണ്ടാം വർഷ ബി.എസ്‌സി നഴ്സിംഗ് (സപ്ലിമെന്ററി) പരീക്ഷയ്ക്ക് പിഴകൂടാതെ ജൂലൈ നാല് (50 രൂപ പിഴയോടെ ജൂലൈ ആറ്, 125 രൂപ പിഴയോടെ ജൂലൈ പത്ത്) വരെ ഫീസടച്ച് അപേക്ഷിക്കാം.

കേരള സർവ്വകലാശാല ജൂലൈ 11-ാം തീയതി മുതൽ നടത്തുന്ന മൂന്നാം വർഷ ബി.എസ്‌സി നഴ്സിംഗ് (സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയ്ക്ക് പിഴകൂടാതെ ജൂൺ 21 (50 രൂപ പിഴയോടെ ജൂൺ 23, 125 രൂപ പിഴയോടെ ജൂൺ 26) വരെ ഫീസടച്ച് അപേക്ഷിക്കാം.

## ബി.ഫാം സപ്ലിമെന്ററി പരീക്ഷ

കേരള സർവ്വകലാശാല ജൂൺ 28-ാം തീയതി മുതൽ നടത്തുന്ന നാലാം വർഷ (അവസാന വർഷ) ബി.ഫാം സപ്ലിമെന്ററി പരീക്ഷയ്ക്ക് പിഴകൂടാതെ ജൂൺ ഏഴ് (50 രൂപ പിഴയോടെ ജൂൺ ഒൻപത്, 125 രൂപ പിഴയോടെ ജൂൺ 12) വരെ ഫീസടച്ച് അപേക്ഷിക്കാം.

## എം.എസ്‌സി ഡെമോഗ്രഫി വൈവ വോസി

കേരള സർവ്വകലാശാലയുടെ എം.എസ്‌സി ഡെമോഗ്രഫി നാലാം സെമസ്റ്റർ വിദ്യാർത്ഥികളുടെ വൈവ വോസി പരീക്ഷ ജൂൺ മൂന്നിന് രാവിലെ 10.30-ന് ഡിപ്പാർട്ട്മെന്റിൽ വച്ച് നടക്കും.

തിരുവനന്തപുരം.
31.05.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ